2026
AUGUST
14
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യ ലോകത്തെ ആറാമത്തെ വലിയ സമ്പദ്വ്യവസ്ഥ; ജി.ഡി.പി 374 ലക്ഷം കോടിയായി ഉയർന്നു

**ന്യൂഡൽഹി:** രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് വൻ കുതിച്ചുചാട്ടം രേഖപ്പെടുത്തി ഇന്ത്യ ലോകത്തിലെ ആറാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി മാറിയെന്ന നിർണ്ണായക വിവരങ്ങൾ പുറത്ത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജി.ഡി.പി) 374 ലക്ഷം കോടി രൂപയിൽ (3.92 ട്രില്യൺ ഡോളർ) എത്തിയതോടെയാണ് ഇന്ത്യ ലോകശക്തികളുടെ പട്ടികയിൽ ആറാം സ്ഥാനം ഭദ്രമാക്കിയത്.

രാജ്യത്തിന്റെ ഈ സാമ്പത്തിക നേട്ടം അന്താരാഷ്ട്ര നാണയനിധി (ഐ.എം.എഫ്) പുറത്തുവിട്ട ഏറ്റവും പുതിയ റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നുണ്ട്. ഐ.എം.എഫ് ഏപ്രിലിൽ പ്രസിദ്ധീകരിച്ച വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് റിപ്പോർട്ടിലാണ് ഇന്ത്യയുടെ ഈ ശ്രദ്ധേയമായ വളർച്ചയെക്കുറിച്ച് വ്യക്തമാക്കുന്നത്. രാജ്യസഭയിൽ ഉയർന്ന ചോദ്യത്തിന് മറുപടിയായി കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയാണ് ഈ വിവരങ്ങൾ ഔദ്യോഗികമായി സഭയെ അറിയിച്ചത്.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചാ സാധ്യതകളെ കൂടുതൽ ശക്തമാക്കുന്നതിനായി കേന്ദ്ര സർക്കാർ വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ വികസന തന്ത്രമാണ് നടപ്പിലാക്കി വരുന്നതെന്ന് കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു. കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന




ത് മുതൽ നിർമ്മാണ മേഖലയ്ക്ക് ഊർജ്ജം പകരുന്ന നടപടികൾ വരെ ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച ഉൽപ്പാദന ബന്ധിത ഇൻസെന്റീവ് (പി.എൽ.ഐ) പദ്ധതികളിലൂടെ നിർമ്മാണ മേഖലയ്ക്ക് വലിയ പ്രോത്സാഹനമാണ് ലഭിച്ചത്. ഇതിനോടൊപ്പം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ ചെറുകിടഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) ശക്തിപ്പെടുത്തുന്നതിനായി നിരവധി സുപ്രധാന പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

രാജ്യത്ത് നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽവൽക്കരണം വേഗത്തിലാക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ശാസ്ത്രസാങ്കേതിക ഗവേഷണ രംഗങ്ങളിൽ കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരാനും അതുവഴി പുതിയ തൊഴിലവസരങ്ങളും സംരംഭങ്ങളും സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് ധനകാര്യ മന്ത്രാലയം വ്യക്തമാക്കി.

സാമ്പത്തിക വളർച്ചയുടെ കണക്കുകൾക്കൊപ്പം രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനത്തിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങളും കേന്ദ്രമന്ത്രി രാജ്യസഭയെ അറിയിച്ചു.

പൊതുമേഖലാ ബാങ്കുകളിലെ മൊത്തം കിട്ടാക്കടത്തിൽ (എൻ.പി.എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങൾ കൊണ്ട് ഗണ്യമായ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ബാങ്കിങ് മേഖലയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നു.




# ഇന്ത്യൻ പെട്രോളിന് വൻ ഡിമാൻഡ്, കയറ്റുമതി കുതിച്ചു

**കൊച്ചി:** പശ്ചിമേഷ്യൻ സംഘർഷം പ്രതിസന്ധി തീർത്തപ്പോൾ ഇന്ത്യ പെട്രോളിയം ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ കുതിച്ചുചാട്ടം നടത്തിയെന്ന് റിപ്പോർട്ട്. ഒരു ഡസൻ രാജ്യങ്ങളിലേക്കെങ്കിലും കയറ്റുമതി വൻതോതിൽ വർധിപ്പിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. പെട്രോളിയം ഉൽപന്നങ്ങളുടെ ബലത്തിൽ കയറ്റുമതി കുത്തനെ കൂട്ടാൻ കഴിഞ്ഞതോടെ സിംഗപ്പൂർ, ഇന്ത്യൻ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന മൂന്നാമത്തെ വലിയ രാജ്യമായി.

2025ന്റെ ഒന്നാം പാദത്തിൽ 324 കോടി ഡോളറിന്റെ ഉൽപന്നങ്ങളാണ് ഇന്ത്യ സിംഗപ്പൂരിലേക്ക് കയറ്റുമതി ചെയ്തതെങ്കിൽ ഈ വർഷം ഒന്നാം പാദത്തിൽ ഇത് 650 കോടി ഡോളറായി കുത്തനെ കൂടി. ഇതിൽ 427 കോടി ഡോളറും പെട്രോളിയം ഉൽപന്നങ്ങളായിരുന്നു. മുൻവർഷം ഇതേകാലയളവിൽ ഇത് 128 കോടി ഡോളർ മാത്രമായിരുന്നു.

കയറ്റുമതി വൻ തോതിൽ വർധിച്ചതോടെ ദക്ഷിണാഫ്രിക്കയും ടാൻസനിയായും ഇന്ത്യ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന ഏറ്റവും വലിയ 10 രാജ്യങ്ങളുടെ പട്ടികയിലെത്തി. ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങൾ കൂടാതെ, ഇറ്റലി, സ്പെയിൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളും ഈ കാലഘട്ടത്തിൽ ഇന്ധനം ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപന്നങ്ങൾക്കായി ഇന്ത്യയെ വലിയതോതിൽ ആശ്രയിച്ചു.

ജോർദാൻ, ശ്രീലങ്ക, മലേഷ്യ, കെനിയ, തുർക്കി, ഹോങ്കോങ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേക്കും ഈ കാലഘട്ടത്തിൽ ഇന്ത്യൻ കയറ്റുമതിയിൽ വൻ വർധനയുണ്ടായി. ഹോങ്കോങ്ങും വിയറ്റ്നാമും ഒഴികെ മിക്ക രാജ്യങ്ങളും ഇന്ധനങ്ങൾക്കായാണ് ഇന്ത്യയെ പ്രധാനമായും ആശ്രയിച്ചത്. രാജ്യത്തുനിന്ന് പുറത്തേക്കു വലിയതോതിൽ ഇന്ധനങ്ങൾ ഒഴുകുന്നത് തടയാൻ സർക്കാർ നികുതി (വിൻഡ്ഫാൾ ടാക്സ്) വലിയതോതിൽ കൂട്ടിയിരുന്നു.

സിംഗപ്പൂർ കഴിഞ്ഞാൽ ഇന്ധനം ഇറക്കുമതി കൂടുതൽ ടാൻസാനിയയിലേക്കാണ്. 2026ന്റെ ആദ്യപാദം 222 കോടി ഡോളറിന്റെ ഇന്ധനങ്ങളാണ് അവർ ഇന്ത്യയിൽ നിന്നു വാങ്ങിയത്. മുൻവർഷം ഇതേ കാലയളവിൽ 69 കോടി ഡോളറിന്റേതായിരുന്നു.

സൗത്ത് ആഫ്രിക്കയിലേക്കുള്ള കയറ്റുമതി 65 കോടി ഡോളറിൽ നിന്ന് 171 കോടി ഡോളറായി ഉയർന്നു. ശ്രീലങ്കയുടെ കാര്യത്തിൽ ഇത് 16 കോടി ഡോളറിൽ നിന്ന് 75 കോടി ഡോളറായി. മലേഷ്യ 40 കോടി ഡോളറിൽ നിന്ന് 86 കോടി ഡോളറായി.

കെനിയ ഈ കാലയളവിൽ 81 കോടി ഡോളറിന്റെ ഇന്ധനം വാങ്ങി. മുൻവർഷം ഇത് 39 കോടി ഡോളറായിരുന്നു.

തുർക്കിയുടെ കാര്യത്തിൽ ഇത് 40 ലക്ഷം ഡോളറിൽ നിന്ന് 24 കോടി ഡോളറായി. ഏതാണ്ട് 5,800% വർധന.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING CRISIL BBB-/ STABLE

ICL
Join ICL, Grow with us
ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

**The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50*% PER ANNUM 60 MONTHS | 11.00*% PER ANNUM 36 MONTHS | 10.50*% PER ANNUM 24 MONTHS | 10.00*% PER ANNUM 13 MONTHS |

**Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.*

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 (**"Prospectus"**).
**DISCLAIMER OF THE ISSUER:** ICL Fincorp Limited (**"Company"**), subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures (**"NCDs"**) and has filed a prospectus dated July 28, 2026 (**"Prospectus"**) with the Registrar of Companies, Tamil Nadu at Chennai (**"RoC"**), BSE Limited (**"BSE"**) and Securities and Exchange Board of India (**"SEBI"**). The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled *"Risk Factors"* and *"Material Developments"* beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited (**"BSE" or the "Stock Exchange"**) and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India (**"SEBI"**), the Reserve Bank of India (**"RBI"**), any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:**:It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
**DISCLAIMER CLAUSE OF USE OF BSE ELECTRONIC PLATFORM**: It is to be distinctly understood that the permission given by the BSE to use their network and software of the Online system should not in any way be deemed or construed as compliance with various statutory requirements approved by the Exchange; not does it in any manner warrant, certify or endorse the correctness or completeness of any of the compliance with the statutory and other requirements; nor does it take any responsibility for the financial or other soundness of this Company, its promoters, its management or any scheme or project of this Company
**DISCLAIMER CLAUSE OF INDUSTRY PROVIDER:** Crisil intelligence, a division of Crisil Limited, provides independent research, consulting, risk solutions, and data & analytics to its clients. Crisil Intelligence operates independently of Crisil's other divisions and subsidiaries, including, Crisil Ratings Limited. Crisil Intelligence's informed insights and opinions on the economy, industry, capital markets and companies drive impactful decisions for clients across diverse sectors and geographies. Crisil Intelligence's strong benchmarking capabilities, granular grasp of sectors, proprietary analytical frameworks and risk management solutions backed by deep understanding of technology integration, makes it the partner of choice for public & private organisations, multi-lateral agencies, investors and governments for over three decades. For the preparation of the report, Crisil Intelligence has relied on third party data and information obtained from sources which in its opinion are considered reliable. Any forward-looking statements contained in the report are based on certain assumptions, which in its opinion are true as on the date of the report and could fluctuate due to changes in factors underlying such assumptions or events that cannot be reasonably foreseen. The report does not consist of any investment advice and nothing contained in the report should be construed as a recommendation to invest/disinvest in any entity. The Industry Report is intended for use only within India. Provided that, the company shall be responsible for ensuring compliances and consequences of non-compliance for use of the report, material & issue documents or any part thereof outside India in relation to the issue.
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

# ഓണം മണൽ മഹോത്സവം: ലോഗോ പ്രകാശനം ചെയ്തു

**കഴക്കൂട്ടം:** സംസ്ഥാന സർക്കാരിന്റെ ടൂറിസം ഓണം വാരാഘോഷത്തിന്റെ ഭാഗമായി തുമ്പ ഗോൾഡൻ ബീച്ചിൽ സംഘടിപ്പിക്കുന്ന 'കടലോളം ഓണം' കാർണിവൽ ഫെസ്റ്റിവലിന്റെ ലോഗോ മന്ത്രി കെ. മുരളീധരനും എംഎൽഎ രമ്യ ഹരിദാസും ചേർന്നു പ്രകാശനം ചെയ്തു. ദേശീയ മണൽശിൽപ മത്സരത്തിന്റെയും പ്രദർശനത്തിന്റെയും ലോഗോപ്രകാശനവും എംഎൽഎ രമ്യാഹരിദാസ് നിർവഹിച്ചു. ഏഴു ദിവസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ 24 മുതൽ 30 വരെ തുമ്പ ഗോൾഡൻ ബീച്ചിൽ നടക്കും.

കഠിനംകുളം പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ജോസ് നിക്കോളസ്, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ അഡ്വ. എച്ച്.പി. ഹാരിസൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കഠിനംകുളം ജോയ്, പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷീന ബീഗം, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ പുഷ്പ വിജയൻ, വി. മോളി എന്നിവരോടൊപ്പം പഞ്ചായത്ത് ഉപസമിതി ഭാരവാഹികളും മറ്റു ജനപ്രതിനിധികളും പങ്കെടുത്തു.

# മീഡിയ വില്ലേജിൽ 17 മുതൽ 21 വരെ നാട്ടുചന്ത

**ചങ്ങനാശേരി:** കൃഷിവകുപ്പ്, കുടുംബശ്രീ, ജീവനം, മാഫ്പ്കോ, മണ്ണറിവ്, സങ്കേതം എന്നിവയുടെ നേതൃത്വത്തിൽ മീഡിയ വില്ലേജിൽ 17 മുതൽ 21 വരെ നാട്ടുചന്ത ഓണവിപണി നടത്തും. എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് മൂന്നു മുതൽ രാത്രി എട്ടു വരെയാണ് ഓണവിപണി നടത്തുന്നത്. വിഷരഹിത പച്ചക്കറികളുടെയും മൂല്യ വർധിത വസ്തുക്കളുടെയും പ്രദർശനവും വിപണനവുമാണ് ഓണ വിപണിയുടെ ലക്ഷ്യം.

റേഡിയോ മീഡിയ വില്ലേജിൻറെ നേതൃത്വത്തിൽ ചങ്ങനാശേരി നഗരസഭ, പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി, മാടപ്പള്ളി, കുറിച്ചി എന്നീ പഞ്ചായത്തുകളുടെയും സഹകരണത്തോടെ ഒരുമയിൽ ഒരോണം എന്ന ചങ്ങനാശേരി ഓണം ഫെസ്റ്റിൻറെ ഭാഗമായാണ് ഓണ വിപണി ഒരുക്കിയിരിക്കുന്നത്.

ചങ്ങനാശേരി നിയോജക മണ്ഡലത്തിലെ കർഷകരെയും ഉത്പാദകരെയും പ്രോത്സാഹിപ്പിക്കാനും അവരുടെ ഉത്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കാനുമുള്ള അവസരമാണ് റേഡിയോ മീഡിയ വില്ലേജ് ഓണവിപണി വഴിയൊരുക്കുന്നത്. ചങ്ങനാശേരിയിലും സമീപ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ഓണനാളുകളിൽ നല്ല പച്ചക്കറികളും മറ്റു വിഭവങ്ങളും കാണാനും വാങ്ങാനും സൗകര്യമുണ്ടായിരിക്കും. സ്വന്തമായി പച്ചക്കറി കൃഷി ചെയ്യുന്നവർക്കും അവരുടെ സാധനങ്ങൾ ഇവിടെ വിൽക്കാൻ 9447046267 നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

# വയനാട് പുനരധിവാസം: മലങ്കര മാർത്തോമ്മാ സുറിയാനി സഭ നിർമിച്ച വീടുകളുടെ സമർപ്പണ ചടങ്ങ് 15ന്

**കൽപറ്റ:** വയനാട് ഉരുൾപൊട്ടലിൽ സർവതും നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി മലങ്കര മാർത്തോമ്മാ സുറിയാനി സഭ നിർമിച്ച് നൽകുന്ന പുതിയ വീടുകളുടെ സമർപ്പണ ചടങ്ങ് 15ന് നടക്കും. വയനാട് വൈത്തിരി താലൂക്കിലെ വടുവഞ്ചാലിൽ വൈകുന്നേരം 3 മണിക്കാണ് ചടങ്ങുകൾ. മാർത്തോമ്മാ സഭാ പരമാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ചടങ്ങ് ഉദ്ഘാടനം ചെയ്യും. റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കൃഷി മന്ത്രി ടി. സിദ്ദിഖ് മുഖ്യാതിഥിയായി പങ്കെടുത്ത് ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് വീടുകളുടെ താക്കോൽ കൈമാറും.

# തേനി –എരുമേലി ബ്രോഡ്ഗേജ് റെയിൽപാതയ്ക്ക് സാധ്യത

**തൊടുപുഴ:** നിർദിഷ്ട തേനി– എരുമേലി റെയിൽവേ പാതയുടെ പ്രാഥമിക സർവേ നടപടികൾക്കു റെയിൽവേ മന്ത്രാലയം അനുമതി നൽകി. ലോക്സഭയിൽ തമിഴ്നാട്ടിൽ നിന്നുള്ള എംപിമാരായ പി.ഗണപതി രാജ്കുമാറിന്റെയും തങ്ക തമിഴ് സെൽവന്റെയും ചോദ്യത്തിനുള്ള മറുപടിയിലാണ് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇക്കാര്യമറിയിച്ചത്. 95 കിലോമീറ്റർ നീളമുള്ള ബ്രോഡ്ഗേജ് പാതയുടെ പാതയുടെ പ്രായോഗികത പഠിക്കുന്നതിനു കഴിഞ്ഞ വർഷം ടെൻഡർ വിളിച്ച് നടപടികൾ ആരംഭിച്ചിരുന്നു.

പാത യാഥാർഥ്യമാകുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. നീതി ആയോഗിന്റെയും കേന്ദ്ര ധനമന്ത്രാലയത്തിന്റെയും അംഗീകാരം ലഭിക്കണം. പശ്ചിമഘട്ടം മുറിച്ചുകടക്കണമെന്നതിനാൽ പരിസ്ഥിതി ആഘാത പഠനവും വേണം. 2 സംസ്ഥാന സർക്കാരുകളുമായി ചർച്ചകളും നടക്കേണ്ടതുണ്ട്.



# മരിയൻ തീർഥാടനകേന്ദ്രം കൂദാശ നവം. 21ന്

**ചങ്ങനാശേരി:** മരിയൻ തീർഥാടന കേന്ദ്രമായ പാറേൽ പള്ളിയുടെ കൂദാശ നവംബർ 21ന് നടക്കും. ഒരു ഹൃദയവും ഒരു ആത്മാവുമായി പള്ളി കൂദാശയിലേക്ക് എന്ന ആപ്തവാക്യവുമായി ഇടവകയിൽ കൂദാശയ്ക്കൊരുക്കമായുള്ള നൂറുദിന പ്രാർഥനാ ശുശ്രൂഷകൾക്ക് ഇന്നു തുടക്കമാകും. നവംബർ 20 വരെയാണ് പ്രാർഥനാശുശ്രൂഷകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് വികാരി ഫാ. ജേക്കബ് വാരിക്കാട്ട് അറിയിച്ചു.

കൂദാശ ഒരുക്കത്തിനായുള്ള പ്രാർഥനയും പത്തു നന്മനിറഞ്ഞ മറിയമേ എന്ന പ്രാർഥനയും ഇടവകയിലെ ആയിരം കുടുംബങ്ങൾ കുടുംബമായോ വ്യക്തിപരമായോ നൂറു ദിനങ്ങളിൽ നിയോഗമായി ചൊല്ലും.

ദേവാലയം, നമ്മുടെ ശരീരമാകുന്ന ദേവാലയം, സഭാ കൂട്ടായ്മ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിലുള്ള ഭാഗങ്ങൾ ഇടവകയിലെ കുടുംബങ്ങൾക്ക് വാട്സ്ആപ്പിലൂടെ നൽകും. ഒരു കുടുംബം ഒരു ദിവസത്തിലെ ഒരുമണിക്കൂർ സമയം പള്ളിയിൽ എത്തി പ്രാർഥിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. പത്തു കുടുംബങ്ങൾ വീതം 100 ദിനങ്ങളിലായി 1000 മണിക്കൂർ പ്രാർഥിക്കും.

രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ പള്ളിയിൽ അഖണ്ഡ ജപമാല പ്രാർഥന നടക്കും. 15ന് പരിശുദ്ധ കന്യകമാതാവിൻറെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കും.

സെപ്റ്റംബർ ഒന്നു മുതൽ എട്ടു വരെ എട്ടുനോമ്പാചരണം, 15 മുതൽ ഒക്ടോബർ മൂന്നു വരെ ഹോംമിഷൻ, ഒക്ടോബർ നാലു മുതൽ ഒമ്പതു വരെ വാർഡ് കൺവൻഷൻ, 16 മുതൽ 25 വരെ ദശദിന ജപമാല, 26 മുതൽ 29 വരെ വാർഷിക ധ്യാനം. 31ന് അഖണ്ഡ ജപമാല, നവംബർ ഒന്നു മുതൽ ഏഴു വരെ ജറീക്കോ പ്രാർഥന, 12 മുതൽ 20 വരെ നവദിന ഒരുക്കപ്രാർഥന എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്.

# ഡിജിറ്റൽ പഠനത്തിന് പരിവർത്തൻ ശാല സ്മാർട്ട് സ്കൂൾ പദ്ധതി ഉദ്ഘാടനം ചെയ്തു

**മാനന്തവാടി:** എച്ച്ഡിഎഫ്സി ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ മാനന്തവാടി താലൂക്കിലെ 14 വിദ്യാലയങ്ങളിൽ നടപ്പാക്കിയ പരിവർത്തൻ ശാല പദ്ധതി ഉഷ വിജയൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മാറിവരുന്ന വിദ്യാഭ്യാസ രംഗത്ത് സ്മാർട്ട് ക്ലാസ് റൂമുകൾക്ക് വലിയ പ്രാധാന്യമുണ്ടെന്നും സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ ആകർഷകവും ഫലപ്രദവുമായ പഠനാനുഭവം ഒരുക്കാൻ ഇത്തരം സൗകര്യങ്ങൾ സഹായിക്കുമെന്നും എംഎൽഎ പറഞ്ഞു.




വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ നടത്തുന്ന ഇടപെടലുകൾ മാതൃകാപരമാണെന്നും സർക്കാർ സംവിധാനങ്ങളോടൊപ്പം വിവിധ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ കൂടി ചേരുമ്പോൾ ഗ്രാമീണ മേഖലയിലെ വിദ്യാലയങ്ങൾക്ക് വലിയ മാറ്റം കൈവരിക്കാനാകുമെന്നും അവർ അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ച സ്മാർട്ട് ക്ലാസ് റൂം, ലാബ് നവീകരണം, ലൈബ്രറി നവീകരണം തുടങ്ങിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും പൂർത്തീകരണ പ്രഖ്യാപനവും ചടങ്ങിൽ നടന്നു.

വെള്ളമുണ്ട പഞ്ചായത്ത് പ്രസിഡൻറ് കമർലൈല അധ്യക്ഷത വഹിച്ചു. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. നീരജ് യു. ജോഷി പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് അംഗങ്ങളായ മൊയ്തു ഉണ്ണാച്ചി, രാഗേഷ്, മാനന്തവാടി എഇഒ എം. സുനിൽകുമാർ, കരിങ്ങാരി ജിയുപി സ്കൂൾ ഹെഡ്മാസ്റ്റർ എം.എ. ജോൺസൺ, തേറ്റമല ജിഎച്ച്എസ് ഹെഡ്മാസ്റ്റർ മനോജ് മാത്യു, എസ്എംസി ചെയർമാൻ പി. റഷീദ്, മഞ്ജു, ബാലൻ പുത്തൂർ, നവനീത് കിരൺ, പിടിഎ പ്രസിഡൻറ് എസ്. നാസർ, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ പ്രോജക്ട് കോഓഡിനേറ്റർ എൻ. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച 14 വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

ഇൻററാക്ടീവ് പാനലോടുകൂടിയ ഡിജിറ്റൽ ക്ലാസ് റൂമുകൾ, സയൻസ് ലാബുകൾ, പ്രൈമറി വിദ്യാലയങ്ങളിൽ ആക്ടിവിറ്റി കോർണറുകൾ, ശുദ്ധമായ കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയറുകൾ, കായികമികവിനായി സ്പോർട്സ് കിറ്റുകൾ തുടങ്ങിയ വിവിധ സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നത്. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 25ഓളം വിദ്യാലയങ്ങളിലായി 50ഓളം സ്മാർട്ട് ക്ലാസ് റൂമുകൾ, 25 സയൻസ് ലാബുകൾ, 10 ആക്ടിവിറ്റി കോർണറുകൾ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ പൂർത്തീകരിച്ചു വരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്രീൻ മസലിൽനിന്നുള്ള ഘടകങ്ങളുടെ ആന്റിബാക്ടീരിയൽ പ്രവർത്തനം കണ്ടെത്തുന്നതിനുള്ള നൂതന പരിശോധനാരീതിക്ക് കുസാറ്റ് ഗവേഷകർക്ക് പേറ്റന്റ്

**കൊച്ചി:** സൂക്ഷ്മജീവശാസ്ത്ര മേഖലയിൽ ശ്രദ്ധേയമായ ആന്റിബാക്ടീരിയൽ പ്രവർത്തനം കണ്ടെത്തുന്നതിനുള്ള നൂതന പരിശോധനാരീതിക്ക് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗവേഷകർക്ക് പേറ്റന്റ് ലഭിച്ചു. കുസാറ്റിലെ കെമിക്കൽ ഓഷ്യാനോഗ്രഫി വിഭാഗത്തിലെ ഗവേഷകരുടെ നേതൃത്വത്തിലാണ് ഈ കണ്ടുപിടിത്തം. സമുദ്രജീവിയായ സാധാരണയായി ഗ്രീൻ മസൽ, കല്ലുമ്മക്കായ, കടുക്ക എന്നീ പേരുകളിൽ അറിയപ്പെടുന്ന കക്കയിൽനിന്ന് വേർതിരിച്ചെടുക്കുന്ന വിവിധ ഘടകങ്ങളുടെ ആന്റിബാക്ടീരിയൽ പ്രവർത്തനം ലളിതമായും കാര്യക്ഷമമായും കണ്ടെത്താൻ കഴിയുന്നതാണ് പേറ്റന്റിന്റെ പ്രധാന സവിശേഷത.

കെമിക്കൽ ഓഷ്യാനോഗ്രഫി വിഭാഗത്തിലെ റിട്ടയേർഡ് പ്രൊഫസറും കുസാറ്റിന്റെ മുൻ രജിസ്ട്രാറുമായ ഡോ. എൻ. ചന്ദ്രമോഹനകുമാർ, ഗവേഷക ദിവ്യ കെ. ആർ., അപ്ലൈഡ് കെമിസ്ട്രി വിഭാഗത്തിലെ മുൻ ഗവേഷകൻ മിഥുൻ ടി. ആർ., സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസർ രതീഷ് കുമാർ സി. എസ്., ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രിയിലെ മുൻ ഗവേഷക ഡോ. മീര കെ. എം. എന്നിവർ ചേർന്നാണ് ഈ കണ്ടുപിടിത്തം നടത്തിയത്.

വെള്ളത്തിൽ ലയിക്കാത്തതോ സാധാരണയായി ഉപയോഗിക്കുന്ന DM-SO പോലുള്ള ലായകങ്ങളിൽ പോലും എളുപ്പത്തിൽ ലയിക്കാത്തതോ ആയ നോൺപോളാർ ആന്റിബാക്ടീരിയൽ ഘടകങ്ങളുടെ സാന്നിധ്യവും പ്രവർത്തനക്ഷമതയും കണ്ടെത്താൻ കഴിയുന്ന ലളിതമായ കളറിമെട്രിക് പരിശോധനാരീതിയാണ് പേറ്റന്റിന്റെ പ്രധാന പ്രത്യേകത. കോശങ്ങളിലൂടെ കടന്നുപോകാൻ കഴിയുന്നതും ഓക്സിഡേഷൻ-റിഡക്ഷൻ പ്രതികരണങ്ങളോട് പ്രതികരിക്കുന്നതുമായ റെസാസുറിൻ എന്ന ഡൈയാണ് ഈ രീതിയുടെ അടിസ്ഥാന ഘടകം.

റെസാസുറിൻ ചേർത്ത സാധാരണ പ്ലേറ്റിൽ, പരിശോധിക്കേണ്ട വസ്തു-ഉദാഹരണത്തിന്, ഗ്രീൻ മസലിൽനിന്ന് വേർതിരിച്ചെടുത്ത സജീവ ഘടകം-ഒരു പേപ്പർ ഡിസ്കിൽ സ്ഥാപിച്ചാണ് പരിശോധന നടത്തുന്നത്.പരിശോധിക്കുന്ന ഘടകത്തിന് ആന്റിബാക്ടീരിയൽ പ്രവർത്തനം ഇല്ലെങ്കിൽ, ബാക്ടീരിയ വളരുകയും അതിന്റെ ഫലമായി റെസാസുറിൻ ഡൈയുടെ നിറത്തിൽ ദൃശ്യമായ മാറ്റം ഉണ്ടാകുകയും ചെയ്യും. ബാക്ടീരിയ വളർച്ചയുള്ള ഭാഗങ്ങളിൽ നിറം പിങ്ക് നിറത്തിലേക്ക് മാറും.അതേസമയം, പരിശോധിക്കുന്ന ഘടകത്തിന് ഫലപ്രദമായ ആന്റിബാക്ടീരിയൽ പ്രവർത്തനം ഉണ്ടെങ്കിൽ ബാക്ടീരിയയുടെ വളർച്ച തടയപ്പെടും. അതിനാൽ, ആ പ്രദേശത്ത് റെസാസുറിന്റെ നിറമാറ്റം ഉണ്ടാകില്ല. ഇത്തരത്തിൽ, നിറവ്യത്യാസത്തിലൂടെ ആന്റിബാക്ടീരിയൽ പ്രവർത്തനം ദൃശ്യമായി തിരിച്ചറിയാൻ കഴിയും.

ഈ കണ്ടുപിടിത്തത്തിന്റെ പ്രധാന പ്രാധാന്യം, പരമ്പരാഗത പരിശോധനാരീതികളിലൂടെ എളുപ്പത്തിൽ വിലയിരുത്താൻ കഴിയാത്ത പ്രകൃതിദത്ത സംയുക്തങ്ങൾ, ഭക്ഷ്യസംരക്ഷകങ്ങൾ, കീടനാശിനികൾ, മറ്റ് ജൈവസംയുക്തങ്ങൾ എന്നിവയുടെ ആന്റിബാക്ടീരിയൽ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള സാധ്യത വർധിപ്പിക്കുന്നു എന്നതാണ്.

സമുദ്രജീവികളിൽനിന്ന് ലഭിക്കുന്ന നിരവധി ജൈവസജീവ പ്രകൃതിദത്ത സംയുക്തങ്ങൾക്ക് വെള്ളത്തിൽ ലയിക്കാനുള്ള കഴിവ് കുറവാണ്. ഈ കുറഞ്ഞ ജലലയനീയത അവയുടെ ആന്റിബാക്ടീരിയൽ പ്രവർത്തനം പരമ്പരാഗത രീതികളിലൂടെ വിലയിരുത്തുന്നതിന് ഒരു പ്രധാന തടസ്സമായിരുന്നു. ഈ പരിമിതി മറികടക്കാൻ പുതിയ പരിശോധനാരീതി സഹായകമാകുന്നു.

ഗ്രീൻ മസലിൽനിന്ന് സജീവ ഘടകങ്ങൾ വേർതിരിച്ചെടുക്കുന്നതിനുള്ള പ്രത്യേക നടപടിക്രമവും പേറ്റന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി ഫ്രീസ്ഡ്രൈ ചെയ്ത മസലിന്റെ മാംസളഭാഗം മെഥനോൾ-ക്ലോറോഫോം മിശ്രിതം ഉപയോഗിച്ച് വേർതിരിച്ചെടുക്കുകയും തുടർന്ന് സാന്ദ്രീകരിക്കുകയും വിവിധ ഘടകങ്ങളായി വേർതിരിക്കുകയും ചെയ്യുന്നു.

ഫാർമസ്യൂട്ടിക്കൽ ഗവേഷണരംഗത്തും ഈ കണ്ടുപിടിത്തത്തിന് വലിയ സാധ്യതകളുണ്ട്. പുതിയ ആന്റിബയോട്ടിക്കുകളും മറ്റ് ആന്റിമൈക്രോബയൽ ഘടകങ്ങളും കണ്ടെത്തുന്നതിനായി പ്രവർത്തിക്കുന്ന ഗവേഷകർക്കും സ്ഥാപനങ്ങൾക്കും, പരമ്പരാഗത രീതികളിൽ എളുപ്പത്തിൽ പരിശോധിക്കാൻ കഴിയാത്ത സംയുക്തങ്ങളുടെ പ്രാഥമിക ആന്റിബാക്ടീരിയൽ പരിശോധന വേഗത്തിൽ നടത്താൻ ഈ രീതി സഹായകമാകും.

# യുഎസ്ടി യുടെ ക്യാപ്ചർദിഫ്ളാഗ് മത്സരത്തിന്റെ രജിസ്ട്രേഷന് തുടക്കമായി

**തിരുവനന്തപുരം :** പ്രമുഖ എ ഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി സംഘടിപ്പിക്കുന്ന ജെൻസിസ് 2.0 എ ഐ, സൈബർ സെക്യൂരിറ്റി കോൺഫറൻസിന്റെ പ്രധാന ഇനമായ ജെൻസിസ് 2.0 ഗ്ലോബൽ ക്യാപ്ചർദിഫ്ളാഗ് മത്സരത്തിനായുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

ആധുനിക സ്ഥാപനങ്ങളുടെ സുരക്ഷാ പരിതസ്ഥിതികളെ പ്രതിഫലിപ്പിക്കുന്ന പ്രായോഗിക വെല്ലുവിളികളിലൂടെ എ ഐ, സൈബർ സുരക്ഷാ കഴിവുകൾ വികസിപ്പിക്കുന്നതിനായി യു എസ് ടി പ്രകടിപ്പിക്കുന്ന ആഭിമുഖ്യം ഈ വർഷത്തെ മത്സരത്തിന്റെ വലുപ്പവും വ്യാപ്തിയും പ്രതിഫലിപ്പിക്കുന്നു.

പരമ്പരാഗത ക്യാപ്ചർദിഫ്ളാഗ് മത്സരങ്ങളിൽ നിന്ന് വ്യത്യസ്തമായാണ്, ജെൻസിസ് 2.0 ക്യാപ്ചർദിഫ്ലാഗ് മത്സരം രൂപകൽപ്പന ചെയ്തിരിക്കുന്നത്. പങ്കെടുക്കുന്നവർക്ക് ഒരു ടാർഗെറ്റ് ഡൊമെയ്ൻ ആണ് നൽകുക. കൂടാതെ റിയലിസ്റ്റിക് നിരീക്ഷണം, വെബ് സുരക്ഷ, ക്ലൗഡ്, എ ഐ സുരക്ഷാ ഉദ്യമങ്ങൾ എന്നിവയിലൂടെയാണഅ മത്സരാർത്ഥികൾ മാറ്റുരയ്ക്കുക.

ഓൺലൈൻ യോഗ്യതാ റൗണ്ടുകളോടെയാണ് മത്സരത്തിന് തുടക്കമാകുന്നത്. പങ്കെടുക്കുന്നവർക്ക് ലോകത്ത് എവിടെ നിന്ന് വേണമെങ്കിലും മത്സരിക്കാനാകും. ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ടീമുകൾ 2026 സെപ്റ്റംബർ അഞ്ച്, ആറ് തിയതികളിൽ തിരുവനന്തപുരത്തുള്ള യുഎസ് ടി കാമ്പസിൽ നടക്കുന്ന ജെൻസിസ് 2.0 എഐ സൈബർ സെക്യൂരിറ്റി കോൺഫറൻസിന്റെ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കാനുള്ള യോഗ്യതയും നേടും. സുപ്രധാന സെഷനുകൾ, സാങ്കേതിക ചർച്ചകൾ, വിദഗ്ദ്ധർ നയിക്കുന്ന ശില്പശാലകൾ, പാനൽ ചർച്ചകൾ, ഇന്നൊവേഷൻ ഷോകേസുകൾ, എഐ, സൈബർ സെക്യൂരിറ്റി വില്ലേജുകൾ, വികസിച്ചുകൊണ്ടിരിക്കുന്ന സൈബർ സുരക്ഷാ സാഹചര്യങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രായോഗിക അനുഭവങ്ങൾ എന്നിവയാണ് സമ്മേളത്തിന്റെ മുഖ്യ ആകർഷണം.

10 ലക്ഷത്തിലധികം മൂല്യമുള്ള സമ്മാനത്തുകയ്ക്ക് പുറമെ, വിജയിക്കുന്ന ടീമിന് 2 ലക്ഷം ക്യാഷ് പ്രൈസും പ്രമുഖ സൈബർ സുരക്ഷാ പങ്കാളികളിൽ നിന്നുള്ള 8 ലക്ഷം മൂല്യമുള്ള വൗച്ചറുകളും സമ്മാനങ്ങളും വിജയികൾക്ക് നേടാനാകുമെന്നും https://events.ust.com/gencys2026 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാമെന്നും അധികൃർ അറിയിച്ചു.

# വാഴ കർഷക കൂട്ടായ്മയുമായി പിഎസ്ഡബ്ല്യുഎസ്

**പാലാ:** രൂപതയുടെ കർഷക ബാങ്ക് പദ്ധതിയുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വിവിധ കൃഷി മേഖലയിൽ കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുന്നു. ഏത്തക്കായ്ക്കും ചെറുപഴങ്ങൾക്കും വർധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഉത്പാദനവും ന്യായവിലയും ഉറപ്പുവരുത്താനാകും വിധം സമഗ്രമായ പദ്ധതി വിഭാവനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ആദ്യഘട്ടത്തിൽ വാഴ കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുന്നത്.

ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും കീടനാശിനികളും യഥാസമയം കർഷകർക്ക് ലഭ്യമാക്കി പന്ത്രണ്ടു മാസവും വിളവെടുക്കാൻ കഴിയുന്ന വിധം സമഗ്രവും സുസ്ഥിരവുമായ പദ്ധതിയാണ് ലക്ഷ്യം വയ്ക്കുന്നത്.

കൂട്ടായ്മയിൽ അംഗങ്ങളാകുന്ന കർഷകരുമായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കൽ വാങ്ങൽ നടത്താനും രൂപതയുടെ ആഭിമുഖ്യത്തിലുള്ള പാലാ സാൻതോം ഫുഡ് ഫാക്ടറിയിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കി പാലനോവ ബ്രാൻഡിൽ ആഭ്യന്തര, വിദേശവിപണിയിലെത്തിക്കാനുമാണ് ലക്ഷ്യം വയ്ക്കുന്നത്.

വാഴ കർഷക കൂട്ടായ്മയിൽ പങ്കുചേരുന്നവരുടെ സമ്മേളനം ചേർന്ന് ഭാവി പരിപാടികൾ വിശദീകരിക്കുന്നതാണ്. രൂപതയുടെ കർഷക മുന്നേറ്റ പ്രവർത്തനങ്ങളുടെ ഭാഗമായി വാഴ കർഷക കൂട്ടായ്മയിൽ അംഗങ്ങളാകാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക. ഫോൺ 9961668240. 9074556721.

# ഐസിസികെ വാർഷിക സമ്മേളനം തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** ഇൻറർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐസിസികെ) വാർഷിക സമ്മേളനം 14 മുതൽ 16 വരെ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കും.

ഹൃദയധമനികളുടെ ഉൾവശം കൃത്യമായി കാണാൻ സഹായിക്കുന്ന നൂതന ഇമേജിങ് സംവിധാനങ്ങൾ, കഠിനമായി കാൽസ്യം അടിഞ്ഞുകൂടിയ തടസ്സങ്ങൾ നീക്കുന്നതിനുള്ള പുതിയ ചികിത്സാരീതികൾ, സങ്കീർണ ഹൃദയധമനി ചികിത്സകൾ എന്നിവയാണ് സമ്മേളനത്തിലെ പ്രധാന ചർച്ചാവിഷയങ്ങൾ. ഐസിസികെ പ്രസിഡൻറ് ഡോ. ശിവപ്രസാദ് 15ന് ഉച്ചക്ക് 12.30 ന് സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രസിഡൻറ് ഡോ. ശിവപ്രസാദ് കെ, സയൻറിഫിക് കമ്മറ്റി ചെയർമാൻ ഡോ. രാജേഷ് ടി, സെക്രട്ടറി ഡോ. ലൂയി ഫിഷർ, ട്രഷറർ ഡോ. അരുൺ ഗോപി, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പ്രവീൺ എസ്.വി എന്നിവർ പ്രസംഗിക്കും.

രാജ്യത്തെ പ്രമുഖ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകളും ഹൃദ്രോഗ വിദഗ്ധരും പങ്കെടുക്കുന്ന ത്രിദിന സമ്മേളനത്തിൽ ഹൃദയധമനി ചികിത്സ, ഹൃദയവാൽവ് ചികിത്സ, നൂതന ഇമേജിങ് സംവിധാനങ്ങൾ, കാത്ത് ലാബുകളിൽ നേരിടുന്ന സങ്കീർണ ചികിത്സാ സാഹചര്യങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യും.



# സംവിധാനവും അഭിനയവും വിശാൽ മകുടം ഇന്നുമുതൽ



വിശാലിന്റെ പവർ പാക്ക്ഡ് ആക്ഷൻ എന്റർടെയ്നർ ആയിരിക്കും മകുടം എന്ന് ടീസർ വ്യക്തമാക്കുന്നു. ഒരു മനുഷ്യനെ കത്തിച്ച്, അവൻ നിന്നു കത്തുന്ന തീയിൽ നിന്നും വിശാൽ സിഗരറ്റ് കൊളുത്തുന്ന ഷോട്ടോടെയാണ് ടീസർ തുടങ്ങുന്നത്. കടലിന്റെ പശ്ചാത്തലത്തിൽ ചേസിങ്ങുകളും തീപാറുന്ന കിടിലൻ സംഘട്ടന രംഗങ്ങളും ഒപ്പം നാൻ കടലിലെ വാഴ്‌റവൻ അല്ല, അന്ത കടലയേ ആഴ്‌റവൻ എന്ന പഞ്ച് ഡയലോഗോടെയുമാണ് ടീസർ അവസാനിക്കുന്നത്.

തെന്നിന്ത്യയിലെ മുൻ നിര നിർമാണ കമ്പനിയായ സൂപ്പർ ഗുഡ് ഫിലിംസ് നിർമിക്കുന്ന 99 മത്തെ സിനിമയാണിത്. വിശാൽ നായകനാവുന്ന 35മത്തെ സിനിമ കൂടിയാണിത്. ദുഷാരാ വിജയനാണ് ചിത്രത്തിൽ വിശാലിന്റെ ജോഡി. തമിഴ് തെലുങ്ക് താരം അഞ്ജലിയും സുപ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ജി. വി. പ്രകാശ് കുമാറാണ് സംഗീത സംവിധായകൻ. റിച്ചാർഡ് എം നാഥൻ ഛായാഗ്രഹണം നിർവഹിക്കുന്നു. ചെന്നൈ, ഊട്ടി, പാലക്കാട് എന്നിവിടങ്ങളിലായിരുന്നു ലൊക്കേഷൻ. ഓഗസ്റ്റ് 14നാണ് ചിത്രം റിലീസ് ചെയ്യും.




# ഐ ആം ഗെയിം

## റിലീസ് ഓഗസ്റ്റ് 20 ന്

ദുൽഖർ സൽമാൻ ചിത്രം ഐ ആം ഗെയിമിലെ ആദ്യ ഗാനം പുറത്ത്. ജേക്സ് ബിജോയ് ഈണം നൽകിയ "മഴവില്ലായേ" എന്ന ഗാനം ആലപിച്ചത് അർമാൻ മാലിക് ആണ്. ഷർഫു ആണ് ഗാനത്തിന്റെ വരികൾ രചിച്ചത്. ആരാധകരും സിനിമാ പ്രേമികളും ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ചിത്രം 2026 ഓഗസ്റ്റ് 20 ന് ഓണം റിലീസായി ആഗോള തലത്തിൽ തീയേറ്ററുകളിലെത്തും. ദുൽഖർ സൽമാന്റെ വേഫെറർ ഫിലിംസ് നിർമ്മിക്കുന്ന ഈ ബിഗ് ബഡ്ജറ്റ് ഫാന്റസി ത്രില്ലർ, ദുൽഖറിന്റെ കരിയറിലെ തന്നെ ഏറ്റവും വലിയ ചിത്രമായാണ് എത്തുന്നത്. ചിത്രം സംവിധാനം ചെയ്തത് നഹാസ് ഹിദായത്. വേഫെറർ ഫിലിംസിന്റെ ബാനറിൽ ദുൽഖർ സൽമാൻ, ജോം വർഗീസ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന് തിരക്കഥ രചിച്ചത് സജീർ ബാബ, ഇസ്മായിൽ അബൂബക്കർ, ബിലാൽ മൊയ്ദു എന്നിവർ ചേർന്നാണ്. സജീർ ബാബയും ആദർശ് സുകുമാരനും ഷബാസ് റഷീദും ചേർന്നാണ് ചിത്രത്തിന് വേണ്ടി സംഭാഷണങ്ങൾ ഒരുക്കിയത്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിലാണ് ഈ ഗാനം റിലീസ് ചെയ്തിരിക്കുന്നത്. ആദ്യ കേൾവിയിൽ തന്നെ പ്രേക്ഷകരുടെ മനസ്സിലിടം പിടിക്കുന്ന ഗാനം, റിലീസ് ചെയ്ത നിമിഷം മുതൽ സമൂഹ മാധ്യമങ്ങളിൽ വൈറലായിക്കഴിഞ്ഞു. ചിത്രത്തെ കുറിച്ചുള്ള പ്രേക്ഷക പ്രതീക്ഷകൾ വർധിപ്പിക്കുന്ന തരത്തിലാണ് ഇപ്പോൾ പുറത്തു വിട്ട ഗാനം ഒരുക്കിയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. നേരത്തെ, ചിത്രത്തിന്റെ ട്രെയ്‌ലറിനും വമ്പൻ സ്വീകരണവും പ്രതികരണവുമാണ് പ്രേക്ഷകർ നൽകിയത്.മലയാളം കൂടാതെ തമിഴ്, തെലുങ്ക്, ഹിന്ദി, കന്നഡ ഭാഷകളിലും പുറത്ത് വന്ന ട്രെയ്‌ലർ പാൻ ഇന്ത്യൻ ശ്രദ്ധയാണ് നേടിയെടുത്തത്. പ്രേക്ഷകരെ ആദ്യാവസാനം ത്രസിപ്പിച്ച ട്രെയ്‌ലർ, അമ്പരപ്പിക്കുന്ന ദൃശ്യങ്ങളും കോരിത്തരിപ്പിക്കുന്ന ആക്ഷൻ, ചേസ് രംഗങ്ങളും കൊണ്ട് പ്രേക്ഷകരെ ഞെട്ടിച്ചിരുന്നു. മലയാള സിനിമാ പ്രേമികൾ ഇതുവരെ കാണാത്ത തരത്തിലുള്ള സ്റ്റൈലിഷ് ഫാന്റസി ത്രില്ലർ ആയാവും ചിത്രം എത്തുക. ആരാധകരും സിനിമാ പ്രേമികളും ആവേശം കൊള്ളുന്ന തരത്തിൽ മെഗാ സ്റ്റൈലിഷ് മാസ്സ് ലുക്കിലാണ് ദുൽഖർ സൽമാനെ ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. തെന്നിന്ത്യയിലെ നൂറിലധികം ലൊക്കേഷനുകളിലായി ചിത്രീകരണം പൂർത്തിയായ ഐ ആം ഗെയിം മലയാളത്തിലെ ഏറ്റവും വലിയ റിലീസുകളിൽ ഒന്നായാണ് എത്തുന്നത്. ചിത്രത്തിന്റെ സ്റ്റൈലിഷ് പോസ്റ്ററുകൾക്കും വലിയ പ്രതികരണമാണ് ലഭിക്കുന്നത്.

# പൈറേറ്റ്സ് ഓഫ് ഇടുക്കി സെപ്റ്റംബർ നാലിന്

**കൊച്ചി:** ആലഞ്ചേരി സിനിമാസിന്റെയും ആക്വേഴ്സ് ഫാക്ടറി പ്രൊഡക്ഷൻസിന്റെയും ബാനറിൽ സിറിയക് ആലഞ്ചേരി നിർമ്മിച്ച് സന്തോഷ് ഇടുക്കി രചനയും സംവിധാനവും നിർവഹിച്ച പൈറേറ്റ്സ് ഓഫ് ഇടുക്കി സെപ്റ്റംബർ നാലിന് പ്രദർശനത്തിനെ ത്തുന്നു. സിനിമയുടെ റിലീസിംഗ് ഡേറ്റ് പ്രഖ്യാപിച്ചു കൊണ്ടുള്ള പോസ്റ്റർ പുറത്തിറങ്ങി.

ഇടുക്കിയുടെ പശ്ചാത്തലത്തിലൂടെ ഒരു സമ്പന്ന കുടുംബത്തിലെ ദുരൂഹതകളാണ് ഈ ചിത്രത്തിലൂടെ സന്തോഷ് ഇടുക്കി അവതരിപ്പിക്കുന്നത്. ഏറെ ശ്രദ്ധേയമായ കൂടോത്രത്തിനു ശേഷം സന്തോഷ് ഇടുക്കി തിരക്കഥ രചിച്ചു സംവിധാനം ചെയ്യുന്ന ചിതമെന്ന നിലയിലും ഈ ചിത്രം ഏറെ പ്രാധാന്യമർഹിക്കുന്നു.

ശ്രീജിത്ത് രവി, സിറിയക് ആലഞ്ചേരി, രവീന്ദ്രൻ കീരിത്തോട്, അനുരാജ് ശിവഗിരി,ജോബി കുന്നത്തുംപാറ, ബിജു തോപ്പൻ, അഭിലാഷ് വിദ്യാസാഗർ, അനീഷ് അബ്രഹാം, സാരംഗ് മാത്യു, ബിജു വൈദ്യൻ, അനിൽ കാളിദാസൻ, കെ.വി. രാജു, സജി, ജോമോൻ പാറയിൽ, അജീഷ് ചില്ലിസ്, ജോമി വെൺമണി, ഇ. ഗ. രാജു, സണ്ണി പനയ്ക്കൽ, ലിബിയ ഷോജൻ , ജിൻസി ജിസ്ബിൻ, ജയ, വാലന്റീന( ഫ്രാൻസ്) എന്നിവരെ കൂടാതെ നിരവധി അഭിനേതാക്കൾ വേഷമിട്ടിരിക്കുന്നു. ക്യാമറ ജിതിൻ, പശ്ചാത്തല സംഗീതം റോണി റാഫേൽ, എഡിറ്റർ ജ്യോതിഷ് കുമാർ, സംഗീതം, സൗണ്ട് ഡിസൈൻ ജയ്സൺ ജോൺ, ആർട്ട്, ഷിബു അടിമാലി, അജയ് കീഴില്ലം, പ്രൊഡക്ഷൻ കൺട്രോളർ സേതു അടൂർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പൗലോസ് കുറുമറ്റം, മേക്കപ്പ് :പട്ടണം ഷാ, അരവിന്ദ് ഇടുക്കി. കോസ്റ്റ്യൂംസ്. ബിനു. ചീഫ് അസോസിയേറ്റ് ഡയറക്ടർ: സാജൻ കല്ലായി. അസോസിയേറ്റ് ഡയറക്ടർ : ജിഷ്ണു രാധാകൃഷ്ണൻ. സ്റ്റുഡിയോ: ശുഭശ്രീ. സ്റ്റിൽ : രാജീവ് അഴിയൂർ. പബ്ലിസിറ്റി ഡിസൈൻ: ഷിനോജ് സൈൻ. ശുഭശ്രീ സ്റ്റുഡിയോസ് ഈ ചിത്രം പ്രദർശനശാലകളിൽ എത്തിക്കുന്നു. വാഴൂർ ജോസ്.



# നിവിൻ പോളിയുടെ നായികയായി രുക്മിണി വസന്ത്; പുതിയ ചിത്രത്തിന് കൊച്ചിയിൽ തുടക്കം

നിവിൻ പോളി നായകനായെത്തുന്ന പുതിയ സിനിമയ്ക്ക് കൊച്ചിയിൽ തുടക്കം. മാർട്ടിൻ പ്രക്കാട്ട് ഫിലിംസിന്റെ ബാനറിൽ മാർട്ടിൻ പ്രക്കാട്ട്, പോളി ജൂനിയർ പിക്ചേഴ്സിന്റെ ബാനറിൽ നിവിൻ പോളി, ഗ്രീൻ റൂം പ്രൊഡക്ഷൻസിന്റെ ബാനറിൽ സിബി ചാവറ, രഞ്ജിത്ത് നായർ എന്നിവർ നിർമാതാക്കളാകുന്ന ചിത്രം നാഷിദ് ഫാമി സംവിധാനം ചെയ്യുന്നു.'ജയ ജയ ഹേ'യിൽ വിപിൻ ദാസിനൊപ്പം സഹ എഴുത്തുകാരനായി പ്രവർത്തിച്ചയാളാണ് നാഷിദ്.

കാന്താര ചാപ്റ്റർ 1 ഉൾപ്പെടെ കന്നഡ തെലുഗു ഇൻഡസ്ട്രിയിലെ നിറസാന്നിധ്യമായ രുക്മിണി വസന്ത് ആണ് ചിത്രത്തിലെ നായിക. ഇത്തവണ മുഴുനീള കഥാപാത്രമായി അജു വർഗീസും കൂടെയുണ്ട്. കൂടാതെ ജഗദീഷ്, കലാരഞ്ജിനി, അശോകൻ തുടങ്ങി വലിയൊരു താരനിര തന്നെ ചിത്രത്തിലുണ്ട്. ഗ്രീൻ റൂം റിലീസ് ആണ് ചിത്രം വിതരണം ചെയ്യുന്നത്. ഛായാഗ്രഹണം ബബ്ലു അജു, എഡിറ്റിംഗ്: കണ്ണൻ മോഹൻ, സംഗീതം: ഇലക്ട്രോണിക് കിളി, കോ റൈറ്റർ: നിധിൻ നാഗേഷ്, പ്രൊഡക്ഷൻ ഡിസൈൻ: ആഷിക് എസ്, മേയ്ക്കപ്പ്: റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം: മെൽവി ജെ.

പ്രോജക്ട് ഡിസൈനർ: ഷബീർ മലവട്ടത്ത്, പ്രൊഡക്ഷൻ കണ്ട്രോളർ: വിനീത് വിജയ്, ചീഫ് അസോസിയേറ്റ്: സുജിത് സുരേഷ്, ആർട്ട്: നിതീഷ് ചന്ദ്രൻ, സ്റ്റിൽസ്: ബോയക്, ഡിസൈൻസ്: ഓൾഡ് മോങ്ക്സ്, വിഷൽ പ്രൊമോഷൻസ്: സ്നേക്ക്പ്ലാന്റ് എൽ എൽ പി, പി ആർ ഓ: ഹെയിൻസ്.




# ആനിവേഴ്സറി എഡിഷൻ അവതരിപ്പിച്ച് വോൾക്സ് വാഗൺ വിർട്ടസ്

**കൊച്ചി:** വിർട്ടസ് ഇന്ത്യയിൽ അവതരിപ്പിച്ചതിന്റെ നാല് വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി വോൾക്സ്വാഗൺ ഇന്ത്യ പുതിയ ആനിവേഴ്സറി എഡിഷൻ അവതരിപ്പിച്ചു. വിർട്ടസ് ജിടി പ്ലസ് സ്പോർട്ട് വകഭേദത്തെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പതിപ്പ് പരിമിതമായ എണ്ണത്തിലാണ് ലഭ്യമാകുക. പുതിയ അവോക്കാഡോ പേൾ നിറവും കറുപ്പ് മേൽക്കൂരയും കറുപ്പ് അലോയ് വീലുകളും വാഹനത്തിന് കൂടുതൽ ആകർഷകമായ രൂപം നൽകുന്നു. 19,19,900 രൂപയാണ് എക്സ്ഷോറൂം വില. ആറ് എയർബാഗുകൾ, അഞ്ച് സ്റ്റാർ സുരക്ഷാ റേറ്റിങ് തുടങ്ങിയ സുരക്ഷാ സവിശേഷതകളും വാഹനത്തിലുണ്ട്. 1.5 ലിറ്റർ ടിഎസ്ഐ എഞ്ചിൻ 150 പിഎസ് കരുത്തും 250 എൻഎം ടോർക്കും നൽകുന്നു. ഇന്ത്യയിലെ വോൾക്സ്വാഗൺ ഡീലർഷിപ്പുകളിൽ പ്രത്യേക പതിപ്പ് ലഭ്യമാകും

## ഓണം ഓഫറുമായി ലോയ്ഡ്

**കൊച്ചി:** ഓണം പ്രമാണിച്ച് പ്രമുഖ ഹോം അപ്ലയൻസസ് ബ്രാൻഡായ ലോയ്ഡ് കേരളത്തിൽ 'ഓണം ടെക് ഫെസ്റ്റിവൽ' ഓഫർ അവതരിപ്പിച്ചു. 10 കോടി വരെയുള്ള ആനുകൂല്യങ്ങളാണ് ക്യാമ്പയിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. ലോയ്ഡ് ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് 'സ്ക്രാച്ച് ആൻഡ് വിൻ' പദ്ധതിയിലൂടെ ഉറപ്പായ സമ്മാനങ്ങൾ നേടാം. ക്രെഡിറ്റ് കാർഡ് ഇഎംഐ ഇടപാടുകളിൽ 8,000 വരെ ഇൻസ്റ്റന്റ് ക്യാഷ്ബാക്ക്, 1 ഡൗൺ പേയ്മെന്റ്, 1,026 മുതൽ പ്രതിമാസ ഇഎംഐ, പഴയ ഉൽപ്പന്നങ്ങൾ മാറ്റുമ്പോൾ 8,000 വരെ എക്സ്ചേഞ്ച് ആനുകൂല്യം എന്നിവയും ലഭിക്കും. ടിവി, വാഷിംഗ് മെഷീൻ, എസി, റഫ്രിജറേറ്റർ ഉൾപ്പെടെയുള്ള ലോയ്ഡിന്റെ വിവിധ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വാറന്റി ആനുകൂല്യങ്ങളും ലഭ്യമാണ്.



# ലുലു മാളിൽ ഇനി മ്യൂസിക് എക്സ്പ്രസ് തരംഗം

**കൊച്ചി:** ലുലു ഫൺട്യൂറയിൽ ഒരുക്കിയ പുതിയ റൈഡായ മ്യൂസിക്ക് എക്സ്പ്രസിന്റെ ഉദ്ഘാടനം നടൻ ഷൈൻ ടോം ചാക്കോ നിർവഹിച്ചു. കുട്ടികൾക്കും കുടുംബങ്ങൾക്കും ഷോപ്പിങ്ങിനൊപ്പം കൂടുതൽ വിനോദം സമ്മാനിക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയ പുതിയ റൈഡ് ഇനി കുട്ടികൾക്കും മുതിർന്നവർക്കും പ്രിയപ്പെട്ട ഇടമായി മാറും. ഇറ്റലി നിർമ്മിത റൈഡിൽ എല്ലാവിധ അത്യാധുനിക സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരേ സമയം 40 പേർക്ക് മ്യൂസിക്ക് എക്സ്പ്രസിൽ യാത്ര ചെയ്യാൻ കഴിയും. ലുലു ഫുഡ് കോർട്ടിനോട് ചേർന്നാണ് പുതിയ റൈഡിന്റെ പ്രവർത്തനം. ഷൈൻ ടോം ചാക്കോ റൈഡിലെ ആദ്യ അനുഭവത്തെ കുറിച്ചും വിവരിച്ചു.

ചെണ്ടമേളത്തിന്റേയും താലപ്പൊലിയുടേയും അകമ്പടിയോടെ ഒരുക്കിയ ചടങ്ങിൽ ചുവടു വെച്ചും ചെണ്ടകൊട്ടിയും ഷൈൻ ചടങ്ങിന്റെ മാറ്റ് കൂട്ടി. ഫൺട്യൂറയുടെ കഥാപാത്രമായ ഷേർമാനൊപ്പം ചിത്രം പകർത്തിയും കാത്തുനിന്ന ആരാധകർക്കൊപ്പം സെൽഫി പകർത്തിയുമാണ് താരം മടങ്ങിയത്. ഉദ്ഘാടന ചടങ്ങിൽ ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസിം, റീജണൽ ഡയറക്ടർ സുധീഷ് ചെറിയിൽ, ലുലു ഫൺട്യൂറ ജനറൽ മാനേജർ അംബികാപതി, ലുലു മീഡിയ ഹെഡ് എൻ.ബി. സ്വരാജ് തുടങ്ങിയവർ പങ്കെടുത്തു.




# 'ആസ്റ്റർ ജനറ്റിക് സ്റ്റഡി'ക്ക് ആസ്റ്റർ മെഡ്സിറ്റി തുടക്കം കുറിച്ചു

**കൊച്ചി:** ആരോഗ്യലക്ഷണങ്ങൾ പ്രകടമാകുന്നതിന് മുൻപ് തന്നെ രോഗസാധ്യത തിരിച്ചറിഞ്ഞ് തടയാനും കൃത്യമായ ചികിത്സ ഉറപ്പാക്കാനും സഹായിക്കുന്ന അത്യാധുനിക ഡിഎൻഎ സ്ക്രീനിംഗ് പ്രോഗ്രാമായ 'ആസ്റ്റർ ജനറ്റിക് സ്റ്റഡി'ക്ക് ആസ്റ്റർ മെഡ്സിറ്റി തുടക്കം കുറിച്ചു. ഷുഗർസ്ട്രിങ്സ്.എഐയുമായി സഹകരിച്ച് വികസിപ്പിച്ചെടുത്ത ഈ ടെസ്റ്റ്, സാധാരണ ഹെൽത്ത് ചെക്കപ്പുകളിൽ നിന്ന് വ്യത്യസ്തമായി വ്യക്തികളുടെ ജനിതകഘടന വിശകലനം ചെയ്ത് ക്യാൻസർ, ഹൃദ്രോഗങ്ങൾ തുടങ്ങി ആയിരക്കണക്കിന് പാരമ്പര്യ രോഗങ്ങളുടെ സാധ്യത വർഷങ്ങൾക്ക് മുൻപേ തന്നെ മുൻകൂട്ടി കണ്ടെത്താൻ സഹായിക്കുന്നു. ഇത് വ്യക്തിഗതമാക്കിയ ആരോഗ്യപരിപാലനം, സമയബന്ധിതമായ പരിശോധനകൾ, ശരിയായ മെഡിക്കൽ തീരുമാനങ്ങൾ എന്നിവ സാധ്യമാക്കുന്നു.

ഓരോ വ്യക്തിയുടെയും സമ്പൂർണ്ണ ജനിതകാരോഗ്യം വിലയിരുത്തുന്നതാണ് ഈ പാക്കേജ്. 188 തരം പാരമ്പര്യ ക്യാൻസർ സാധ്യതകൾ, 302 ഹൃദ്രോഗാവസ്ഥകൾ, കൂടാതെ 6,952 മറ്റ് പാരമ്പര്യ ജനിതക രോഗങ്ങൾ എന്നിവ ഈ പരിശോധനയിലൂടെ കണ്ടെത്താനാകും. ഇതിനുപുറമെ, മുന്നൂറിലധികം വരുന്ന വിവിധ മരുന്നുകളോട് ഒരു വ്യക്തിയുടെ ശരീരം എങ്ങനെ പ്രതികരിക്കുന്നു എന്ന് വിലയിരുത്തുന്നതിലൂടെ ഉയർന്ന കൃത്യതയോടെ ചികിത്സ നിശ്ചയിക്കാൻ ഡോക്ടർമാർക്ക് സാധിക്കുന്നു.

രോഗികൾക്ക് അവരുടെ ആരോഗ്യ സംബന്ധമായി വ്യക്തവും കൃത്യവുമായ ഒരു ഭാവി രൂപരേഖ നൽകാനാണ് ഈ ജനറ്റിക് സ്റ്റഡി ലക്ഷ്യമിടുന്നതെന്നും വിദഗ്ധ മാർഗ്ഗനിർദ്ദേശങ്ങളുടെ പിന്തുണയോടെയുള്ള ഈ സംരംഭം പ്രതിരോധ ആരോഗ്യ പരിപാലന രംഗത്ത് വലിയൊരു മാറ്റമാണ് കൊണ്ടുവരുന്നതെന്നും ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ശുഹൈബ് ഖാദർ പറഞ്ഞു.

വ്യക്തതയില്ലാത്ത ആരോഗ്യപ്രശ്നങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്താനും അനുയോജ്യമായ മരുന്നുകൾ തിരിച്ചറിയാനും വരുംതലമുറയെ സംരക്ഷിക്കാനും ഈ പഠനം സഹായിക്കുമെന്ന് ഷുഗർസ്ട്രിങ്സ്.എഐ സ്ഥാപകനും സിഇഒയുമായ ടോണി ജോസ് വ്യക്തമാക്കി.

ക്രോണിക് രോഗങ്ങളുടെ കുടുംബ പാരമ്പര്യമുള്ളവർക്കും ഗർഭധാരണത്തിന് തയ്യാറെടുക്കുന്ന ദമ്പതികൾക്കും ഈ പ്രോഗ്രാം ഏറെ പ്രയോജനകരമാണ്. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ മെഡിക്കൽ ജനറ്റിക്സ് കൺസൾട്ടന്റ് ഡോ. ദേവി ശരണ്യ എസ്, ആസ്റ്റർ വെൽനസ് സീനിയർ കൺസൾട്ടന്റ് ഡോ. ബിജൻ ജോൺ സക്കറിയ എന്നിവരും പങ്കെടുത്തു.

# യെസ്ദി റോഡ്സ്റ്ററിന്റെ ആദ്യ ഉടമയായി ഒളിമ്പ്യൻ പി.ആർ. ശ്രീജേഷ്

**കൊച്ചി:** ഒളിമ്പിക് മെഡൽ ജേതാവും മുൻ ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റനുമായ പി.ആർ. ശ്രീജേഷ് പുതിയ യെസ്ദി ഗ്രീൻ മാംബ റോഡ്സ്റ്ററിന്റെ ഡെലിവറി സ്വീകരിച്ച്, 2026 റേഞ്ച് യെസ്ദി മോട്ടോർസൈക്കിളുകളുടെ ഇന്ത്യയിലെ ആദ്യ ഉപഭോക്താവായി മാറി.

വിശിഷ്ടമായ മാറ്റ്ഗ്രീൻ നിറം, അറബിക്കബ്രൗൺ സീറ്റ്, കോപ്പർ ഗ്രാഫിക്സുകൾ എന്നിവയോടെ എത്തുന്ന ഈ മോട്ടോർസൈക്കിൾ റോഡിൽ വേറിട്ടുനിൽക്കുന്ന രൂപഭംഗിയാണ് കാഴ്ചവെക്കുന്നത്. ആറ് സ്പീഡ് ഗിയർ ബോക്സ്, അസിസ്റ്റ്ആൻഡ്സ്ലിപ്പർ ക്ലച്ച്, എ.ബി.എസ്, മോഡുലാർ സീറ്റിംഗ് സൗകര്യം എന്നിവയോടു കൂടിയ 334 സി.സി ലിക്വിഡ്കൂൾഡ് ആൽഫ2 എഞ്ചിനാണ് ഇതിന് കരുത്ത് പകരുന്നത്. യെസ്ദിയുടെ പാരമ്പര്യവും ആധുനിക സാങ്കേതികവിദ്യയും സമന്വയിക്കുന്ന ഈ മോഡലിലൂടെ മിഡ്കപ്പാസിറ്റി മോട്ടോർസൈക്കിൾ മേഖലയിൽ തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

കണ്ടപ്പോൾ തന്നെ യെസ്ദി ഗ്രീൻ മാംബ റോഡ്സ്റ്ററിന്റെ ഡിസൈനും സവിശേഷതകളും തന്റെ ശ്രദ്ധ കവർന്നുവെന്ന് പി.ആർ. ശ്രീജേഷ് പറഞ്ഞു.തലമുറകളായി റൈഡർമാർ നെഞ്ചിലേറ്റുന്ന യെസ്ദി പാരമ്പര്യത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീജേഷിനെപ്പോലൊരു കായിക പ്രതീകം ആദ്യ ഉപഭോക്താവായി എത്തിയത് ബ്രാൻഡിന് വലിയ ആവേശമാണ് നൽകുന്നതെന്ന് ക്ലാസിക് ലെജൻഡ്സിന്റെ സഹസ്ഥാപകൻ അനുപം തരേജ അഭിപ്രായപ്പെട്ടു.






# മന്ദാര വിമൻസ് വെൽനസുമായി ഹൈലൈറ്റ് ഗ്രൂപ്പ്

**കോഴിക്കോട്:** 'വനിതാ കേന്ദ്രീകൃത ആരോഗ്യ സംരക്ഷണ മേഖല കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്കായി മാത്രമുള്ള രാജ്യത്തെ ആദ്യ എഐ അധിഷ്ഠിത ഹോളിസ്റ്റിക് വെൽനസ് കേന്ദ്രമായ ഹൈലൈറ്റ് ഗ്രൂപ്പിന്റെ 'മന്ദാര വിമൻസ് വെൽനസ്' കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ചു. ഹൈലൈറ്റ് ഗ്രൂപ്പ് നേരത്തെ പ്രഖ്യാപിച്ച എലനൈൻ വിമൻസ് ഹോസ്പിറ്റലിന് ശേഷം ആരോഗ്യ മേഖലയിൽ ഗ്രൂപ്പിന്റെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്ന പദ്ധതിയായിയാണ് മന്ദാര വിഭാവനം ചെയ്തിരിക്കുന്നത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് അടുത്തായി സ്ഥിതി ചെയ്യുന്ന മന്ദാരയിൽ, ഐഒടി സാങ്കേതികവിദ്യയും ആരോഗ്യ സെൻസറുകളും അടങ്ങിയ 20 ആധുനിക സ്വകാര്യ കോട്ടേജുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. ഗർഭകാല പരിചരണം, പ്രസവാനന്തര ശുശ്രൂഷ, ആർത്തവവിരാമ പരിചരണം, വാർദ്ധക്യകാല പരിചരണം തുടങ്ങി സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ആവശ്യങ്ങൾക്ക് ആധുനിക മെഡിക്കൽ സാങ്കേതികവിദ്യകളുടെയും പരമ്പരാഗത ആയുർവേദത്തിന്റെയും സഹായത്തോടെ സമ്പൂർണ്ണ പരിഹാരവും പരിചരണവുമാണ് മന്ദാരയുടെ ലക്ഷ്യം വയ്ക്കുന്നതെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് പറഞ്ഞു. സ്ത്രീകളുടെ ആരോഗ്യ സുരക്ഷയ്ക്ക് മുൻഗണന നൽകുന്ന ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് മന്ദാരയിലൂടെ ലക്ഷ്യമിടുന്നതെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ പറഞ്ഞു.

ഹൈപ്പർബെറിക് ഓക്സിജൻ ചേമ്പറുകൾ, ഹൈഫെം പെൽവിക് സ്ട്രെങ്ത് തെറാപ്പി, ഇൻഫ്രാറെഡ് ലൈറ്റ് തെറാപ്പി തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളും എഐ അധിഷ്ഠിത ക്ലിനിക്കൽ സ്പാ, പ്രകൃതിദത്തമായ ഡിറ്റോക്സ് മാർഗ്ഗങ്ങൾ, പ്രത്യേക ന്യൂട്രീഷൻ ഡയറ്റ് എന്നിവയും മന്ദാരയുടെ പ്രത്യേകതകളാണ്. പ്രസവാനന്തര ശുശ്രൂഷയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ബേബി നഴ്സറിയും ഇൻഫന്റ് സ്പായും സജ്ജമാക്കിയിട്ടുണ്ട്.

നമ്മുടെ നാട്ടിൽ തന്നെ വനിതകൾക്ക് ഏറ്റവും മികച്ച രീതിയിൽ പ്രകൃതിദത്തമായ ചികിത്സയിൽ ശാന്തതയോടെ സുഖം പ്രാപിക്കാനും ഊർജ്ജസ്വലരാകാനും അനുയോജ്യമായ അന്തരീക്ഷമാണ് ഇവിടെ ഒരുക്കിയിരിക്കുന്നതെന്ന് ഹൈലൈറ്റ് ഗ്രൂപ്പ് ഹെൽത്ത് കെയർ വിഭാഗം സിഇഒ ഡോ. അസ്ഹർ മുബാറക് പറഞ്ഞു.

# ഹൈബ്രിഡ് ഹോം ലോണുമായി കോട്ടക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** ഭവന വായ്പ ഉപഭോക്താക്കൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് കോട്ടക് മഹീന്ദ്ര ബാങ്ക് പുതിയ 'ഹൈബ്രിഡ് ഹോം ലോൺ' അവതരിപ്പിച്ചു. ഭവന വായ്പ എടുത്തതിന് ശേഷമുള്ള പ്രാരംഭ വർഷങ്ങളിൽ സാമ്പത്തിക ഭദ്രത നിലനിർത്താനും, പലിശ നിരക്കിലുണ്ടാകുന്ന മാറ്റങ്ങൾ മൂലം പ്രതിമാസ തിരിച്ചടവ് വർദ്ധിക്കുന്നത് ഒഴിവാക്കാനും സഹായിക്കുന്നതാണ് പദ്ധതി.

ഉപഭോക്താക്കൾക്ക് 39, 52 അല്ലെങ്കിൽ 65 മാസം വരെ ഫിക്സഡ് പലിശ നിരക്ക് തിരഞ്ഞെടുക്കാൻ സാധിക്കും. ഈ കാലയളവിൽ റിപ്പോ നിരക്കുകളിൽ വർദ്ധനവുണ്ടായാലും വായ്പയുടെ പലിശ നിരക്കിലും പ്രതിമാസ തിരിച്ചടവിലും മാറ്റം ഉണ്ടാകില്ല. നിശ്ചിത കാലയളവ് അവസാനിച്ച ശേഷം വായ്പ വീണ്ടും നിലവിലെ റിപ്പോ നിരക്കുകളുമായി ബന്ധിപ്പിച്ചുള്ള ഫ്ലോട്ടിംഗ് പലിശ നിരക്കിലേക്ക് തനിയെ മാറുന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്.

ഹോം ലോണായും പ്രോപ്പർട്ടി ഈടായിട്ടുള്ള വായ്പയായും ലഭ്യമാണ്. ശമ്പളക്കാർക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും ഈ വായ്പ ലഭ്യമാണ്. ബാങ്കിന്റെ ക്രെഡിറ്റ്, റിസ്ക് വിലയിരുത്തൽ നയങ്ങൾക്ക് വിധേയമായിട്ടായിരിക്കും അർഹരായ ഉപഭോക്താക്കൾക്ക് വായ്പകൾ അനുവദിക്കുകയെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.




# ലഹരിക്കെതിരെ മാരത്തൻ സംഘടിപ്പിച്ചു

**കൊച്ചി** : ലഹരിക്കെതിരെ റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി, കഫേ ഫ്രാബി, വിമുക്തി മിഷൻ, ആർ5 എന്റർടെയ്ൻമെന്റ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ലഹരിക്കെതിരെ മാരത്തൺ സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ഓട്ടം എന്ന് (റൺ എഗനെസ്റ്റ് ഡ്രഗ്സ് ) പേരിൽ സംഘടിപ്പിച്ച അഞ്ച് കിലോമീറ്റർ മാരത്തണിൽ 500ൽ അധികം പേർ പങ്കെടുത്തു. ചടങ്ങ് ടി.ജെ.വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. മാരത്തൺ റോട്ടറി മുൻ ഡിസ്ട്രിക്ട് ഗവർണർ കെ.സി.ഫിലിപ്പ് ഫ്ലാഗ് ഓഫ് ചെയ്തു.

റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ക്വീൻ സിറ്റി പ്രസിഡന്റ് ലിജിൻ അബ്രാഹം, സെക്രട്ടറി ഉമ്മൻ തോമസ്, ഇവന്റ് ചെയർ മോഹൻ മേനോൻ, ഡിസ്ട്രിക്ട ഡയറക്ടർമാരായ ടോം ജോസഫ്, സതീഷ് വാരിയർ, ബാലചന്ദ്രൻ പണിക്കർ എന്നിവരും, ദീപ അലക്സ് എന്നിവർ പ്രസംഗിച്ചു. മാരത്തണിൽ പങ്കെടുത്ത എല്ലാ വർക്കും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

# ടാറ്റാ സൺസ് ചെയർമാൻസ്ഥാനം എൻ. ചന്ദ്രശേഖരൻ രാജിവച്ചു



**മുംബൈ:** ടാറ്റാ ഗ്രൂപ്പിലെ ഹോൾഡിംഗ് കമ്പനിയായ ടാറ്റാ സൺസിന്റെ ചെയർമാൻ സ്ഥാനം എൻ.ചന്ദ്രശേഖരൻ രാജിവച്ചു. ഒൻപതു വർഷത്തോളമായി തുടരുന്ന പദവിയിൽ നിലവിൽ 2027 ഫെബ്രുവരി വരെ അദ്ദേഹത്തിന് തുടരാം. ഇന്നലെയാണ് വിരമിക്കൽ തീരുമാനം അദ്ദേഹം ടാറ്റാ സൺസ് ഭരണസമിതിയെ അറിയിച്ചത്. ഫെബ്രുവരിയിൽ നിലവിലെ കാലാവധി പൂർത്തിയാകുമ്പോൾ തുടർകാലാവധി നീട്ടി ചോദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഓഗസ്റ്റ് 18ന് നടക്കാനിരിക്കുന്ന ഓഹരി ഉടമകളുടെ വാർഷിക പൊതുയോഗത്തിൽ ചന്ദ്രശേഖരന്റെ ഡയറക്ടർ പദവിയിലേക്കുള്ള പുനർനിയമനം സംബന്ധിച്ച് അനിശ്ചിതത്വം നിലനിന്നിരുന്നു. ടാറ്റാ സൺസിൽ 66 ശതമാനം ഓഹരി പങ്കാളിത്തമുള്ള ടാറ്റ ട്രസ്റ്റിൻറെ ചെയർമാൻ നോയൽ ടാറ്റയുമായുള്ള വിയോജിപ്പുകളാണ് തീരുമാനത്തിന് പിന്നിൽ. ടാറ്റാ കൺസൾട്ടൻസി സർവീസസ്, ടാറ്റാ മോട്ടോഴ്സ്, എയർ ഇന്ത്യ എന്നിവയുൾപ്പെടെ ഗ്രൂപ്പിലെ 30ലധികം കമ്പനികളെ നിയന്ത്രിക്കുന്നത് ടാറ്റാ സൺസ് ആണ്.

ടാറ്റാ സൺസിനെ എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്യില്ലെന്ന ഉറപ്പ് ഉൾപ്പെടെയുള്ള നിബന്ധനകൾ നോയൽ ടാറ്റാ മുന്നോട്ടുവച്ചിരുന്നെങ്കിലും ചന്ദ്രശേഖരൻ ഇതിനോട് യോജിച്ചിരുന്നില്ല. തർക്കങ്ങൾ നിലനിൽക്കുന്ന വാർഷിക പൊതുയോഗത്തിൽ വോട്ടെടുപ്പിലേക്ക് നീങ്ങുന്നതിന് പകരം സ്വയം പദവി ഒഴിയാൻ ചന്ദ്രശേഖരൻ തീരുമാനിക്കുകയായിരുന്നു.

1987ലാണ് ചന്ദ്രശേഖരൻ ടാറ്റാ ഗ്രൂപ്പിൽ ചേർന്നത്. ടിസിഎസിൽ 2009ൽ അദ്ദേഹം ചീഫ് എക്സിക്യൂട്ടിവായും മാനേജിംഗ് ഡയറക്ടറായും നിയമിതനായി. 2017 ഫെബ്രുവരി 21നാണ് ചന്ദ്രശേഖരൻ ടാറ്റാ സൺസിന്റെ എക്സിക്യൂട്ടീവ് ചെയർമാനായി ചുമതലയേറ്റത്. 2022ൽ ടാറ്റ സൺസ് ചെയർമാനായി അഞ്ചു വർഷത്തേക്ക് കൂടി അദ്ദേഹത്തെ വീണ്ടും നിയമിച്ചു. എയർ ഇന്ത്യയുടെ ഏറ്റെടുക്കൽ, സെമികണ്ടക്ടർ, ഇലക്ട്രോണിക്സ്, ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, ഡിജിറ്റൽ മേഖലകളിലേക്കുള്ള കടന്നുവരവ് തുടങ്ങിയ ടാറ്റാ ഗ്രൂപ്പിൻറെ തന്ത്രപ്രധാനമായ വളർച്ചകൾക്ക് നേതൃത്വം നൽകിയത് അദ്ദേഹത്തിൻറെ കാലഘട്ടത്തിലാണ്.

രാജി പ്രഖ്യാപിച്ചെങ്കിലും ചന്ദ്രശേഖരൻ ഉടൻ സ്ഥാനമൊഴിയുകയില്ല. നിലവിലെ കാലാവധി അവസാനിക്കുന്ന 2027 ഫെബ്രുവരി വരെ അദ്ദേഹം ചെയർമാനായി തുടരും.

പുതിയ ചെയർമാനെ കണ്ടെത്തുന്നതിനും അധികാര കൈമാറ്റത്തിനും ടാറ്റാ സൺസിന് സമയം നൽകാനാണ് ഇത്.

സേവനകാലയളവിലുടനീളം ഇന്ത്യയിൽ ഏറ്റവും ഉയർന്ന വേതനം കൈപ്പറ്റുന്ന കോർപറേറ്റ് എക്സിക്യൂട്ടിവുകളിൽ ഒരാളായിരുന്നു ചന്ദ്രശേഖരൻ. 2026 സാമ്പത്തിക വർഷത്തിൽ ചന്ദ്രശേഖരന് 158.66 കോടി രൂപയാണ് വേതനമായി ലഭിച്ചത്.

ഇതിൽ 17.97 കോടി രൂപ ശമ്പളവും ബാക്കി 140.69 കോടി രൂപ ലാഭവിഹിതവും ആയിരുന്നു. 2022 മുതൽ 2026 വരെയുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നിന്നായി ആകെ 671.4 കോടി രൂപയാണ് അദ്ദേഹം വേതനമായി കൈപ്പറ്റിയത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com